**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5085** — **22.05.2017-ൽ മറുപടിയ്ക്ക്**

## കെട്ടിടനിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കൾ കലവറ മുഖേന സബ്സിഡി നിരക്കിൽ ലഭ്യമാക്കുവാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ.ബഷീർ | ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കെട്ടിട നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളായ സിമന്റ് മണൽ, കമ്പി തുടങ്ങിയവയുടെ വില അനുദിനം വർദ്ധിച്ച് വരുന്നത് മൂലം സാധാരണക്കാരന്റെ വീട് എന്ന സ്വപ്നം സ്വപ്നമായിത്തന്നെ അവശേഷിക്കുന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടാത്ത ഇടത്തരക്കാരായ ആളുകൾക്കും നിശ്ചിത വാർഷിക വരുമാനമുള്ള സർക്കാർ ജീവന ക്കാർക്കും ഒരു വീട് നിർമ്മിക്കുന്നതിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ സർക്കാർ ഏജൻസിയായ കലവറ മുഖേന നിശ്ചിത ശതമാനം സബ്സിഡി നിരക്കിൽ ലഭ്യമാക്കുവാൻ എന്തെങ്കിലും പദ്ധതിയുണ്ടോ; | (ബി) ഇല്ല. നിലവിൽ 600 ചതുരശ്ര അടി വരെ തറ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്ന ബി.പി.എൽ. ഗുണഭോക്താക്കൾക്ക് മാത്രമാണ് കലവറയിൽ നിന്നും സിമന്റ്, കമ്പി എന്നിവ പൊതു വിപണിയിലെ വിലയേക്കാൾ (നിർമ്മിതിക്കു ലഭിക്കുന്ന) 15% സൗജന്യ നിരക്കിൽ നൽകി വരുന്നത്. |
| (സി) ഇല്ലെങ്കിൽ അത്തരത്തിലൊരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ എന്ന് വിശദമാക്കുമോ? | (സി) 1000 ചതുരശ്ര അടി തറ വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കുന്ന എ.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്കും സൗജന്യ നിരക്കിൽ കമ്പി, സിമന്റ് എന്നിവ നൽകുന്ന വിഷയം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ